# മുസ്‌ലിം ലീഗും *ചന്ദ്രിക*യും എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?

**സൂഫിയ** മഅ്ദനി സംഭവത്തെക്കുറിച്ചുള്ള *ചന്ദ്രിക*യുടെ നിലപാടിനെ വിമർശിച്ചു കൊണ്ട് അബൂഫിദൽ എഴുതിയത് വായിച്ചു. സൂഫിയയെ അറസ്റ്റ് ചെയ്ത അന്നു വൈകുന്നേരം ഒരു കാരണവർ നാടൻ ഭാഷയിൽ വളരെ സന്തോഷത്തോടെ ചില കടകളിൽ കയറി പറയുന്നത് കേട്ടു: 'അമ്മളെ ഓളെ അങ്ങ് കൊണ്ടോയിക്കേ'

ജാമ്യം കിട്ടുമോ അതോ അറസ്റ്റ് ചെയ്യുമോ എന്ന ആകുലത മനസ്സിൽ കൊണ്ടുനടക്കുമ്പോഴുള്ള ഈ വെളിപ്പെടുത്തൽ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. ഇത്തരം ലീഗുകാരെ സൃഷ്ടിക്കുകയാണോ *ചന്ദ്രിക*യുടെ ജോലി? അല്ലെങ്കിലും അതത് കാലത്തെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് അനുകൂലമാണെങ്കിലല്ലാതെ അവർ എപ്പോഴാണ് സമുദായത്തിന് വേണ്ടി ശബ്ദിച്ചത്? വർഗീയവാദികൾ ബാബരി മസ്ജിദ് തകർത്ത് തർക്കസ്ഥലത്ത് ശിലാന്യാസം നടത്തിയപ്പോൾ 'ശിലാന്യാസം തർക്കസ്ഥലത്തല്ല' എന്ന് വെണ്ടക്ക നിരത്തിയവരാണവർ! പോരാത്തതിന് 'ശിലാന്യാസം തർക്കസ്ഥലത്ത് തന്നെ' എന്ന യാഥാർഥ്യം എഴുതിയ *മാധ്യമ*ത്തിന് ആഴ്ചകളോളം നീണ്ട ശകാരവും! ഇങ്ങനെ ഏതു കാര്യമെടുത്താലും പാർട്ടി കഴിഞ്ഞേ സമുദായമുള്ളൂ. ഉദാഹരണങ്ങൾ ഇനിയുമെമ്പാടുമുണ്ട്.

അനുബന്ധം: കേരളത്തിലെ മാധ്യമങ്ങളുടെ വർഗീയ ചായ്‌വിനെ അപലപിച്ചു കൊണ്ട് പ്രശസ്ത കവി സച്ചിദാനന്ദൻ ദൽഹിയിൽ നടത്തിയ പത്രസമ്മേളനത്തെ പ്പറ്റി ഒറ്റവരി വാർത്തപോലും *മനോരമ*, *മാതൃഭൂമി*, *മംഗളം* പോലെത്തന്നെ *ചന്ദ്രിക*യിലും കണ്ടില്ല!

**എം. മൊയ്തു വാണിമേൽ**

# പ്രചാരണങ്ങളുടെ 'രാഷ്ട്രീയം' മുസ്‌ലിം ലീഗ് എപ്പോഴാണ് തിരിച്ചറിയുക

**സൂഫിയയെയും** നസീറിനെയും മുൻനിർത്തി ഇവിടത്തെ പൊതുമണ്ഡലത്തെ വിചാരണ ചെയ്യുന്ന, അതിന്റെ 'ജനാധിപത്യ' സ്വഭാവത്തെ വിലയിരുത്തുന്ന ശിഹാബ് പൂക്കോട്ടൂരിന്റെ (ലക്കം 30) ലേഖനം ശ്രദ്ധേയമായി. മുസ്‌ലിംകളുടെ രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ പുരോഗതിയെ സംശയത്തോടെ വീക്ഷിക്കുന്ന മനോഭാവം നിലനിൽക്കുന്നുണ്ട്. ലൗ ജിഹാദ്, സൂഫിയാ മഅ്ദനി, സംവരണ പ്രശ്നം തുടങ്ങിയ വിഷയങ്ങളിൽ സാംസ്കാരിക മതേതര പാരമ്പര്യങ്ങളെ കീഴ്പ്പെടുത്തിയ മൂല്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. മുസ്‌ലിം സംഘടനകളിൽ പോലും 'സെക്യുലർ' ബോധങ്ങൾ വളരെ പ്രകടമാണ്. 'ബഹുസ്വരത'യുടെ പേരിലാണ് രാഷ്ട്രീയമറിയാത്ത ഒത്തുതീർപ്പുകൾ ഉണ്ടാവുന്നത്. കോൺഗ്രസ്സിന്റെ പ്രീതി നേടുക എന്നത് മുസ്‌ലിം ലീഗിന് ചരിത്രപരമായി ലഭിച്ച കീഴ്‌വഴക്കമാണ്. മുസ്‌ലിം സമുദായം നിരന്തരം വേട്ടയാടപ്പെടുന്ന സന്ദർഭങ്ങളിൽ സമുദായത്തിന്റെ കൂടെ നിൽക്കാൻ ലീഗിന് സാധിച്ചിട്ടില്ല. കേവലമായ രാഷ്ട്രീയ താൽപര്യങ്ങൾ കാരണം സമുദായവിരുദ്ധമായ സമീപനങ്ങളാണ് ഇവർ സ്വീകരിച്ചിട്ടുള്ളത്. അറബിപ്പേരുള്ള സമുദായ വിരുദ്ധരുടെ പൊതുബോധം തന്നെയാണ് രാഷ്ട്രീയമായി ലീഗും നിർവഹിച്ചുകൊണ്ടിരിക്കുന്നത്. *ചന്ദ്രിക*യും *ജന്മഭൂമി*യും തമ്മിൽ വലിയ വ്യത്യാസങ്ങൾ കാണാതെ പോകുന്നത് ഇതുകൊണ്ടാണ്. ലീഗിന്റെ വാലിൽ തൂങ്ങുന്നവരും ഈ ബോധ്യങ്ങളിൽനിന്നാണ്

സംസാരിക്കുന്നത്. അവർക്ക് മഅ്ദനി ഒരു എതിർ രാഷ്ട്രീയക്കാരൻ മാത്രമാണ്. *ചന്ദ്രിക*യുടെ സൂഫിയാ മഅ്ദനി ആഘോഷം കാരണം പത്രം നിർത്തിയ ലീഗുകാർ ധാരാളമുണ്ട്. സമൂഹത്തിലെ തീവ്രവാദ ചിന്തകൾക്ക് വരെ ലീഗ് കാരണമായിട്ടുണ്ട്. ലീഗിന്റെ ശക്തികേന്ദ്രങ്ങളിൽനിന്നാണ് ചില തീവ്രവാദ സംഘടനകൾ വളരുന്നത്. മുസ്‌ലിം സംഘടനകൾ സമുദായത്തിന് ആത്മവിശ്വാസം നൽകാതെ ഇവിടത്തെ പൊതു മാനിയ ഏറ്റുപിടിച്ചാൽ ഫലം അപകടകരമായിരിക്കും.

**പി. സുധീഷ് അരീക്കോട്, മലപ്പുറം**

## സമുദായ സംഘടനകളെ വിചാരണ ചെയ്യണം

**'സൂഫിയയും** നസീറും ആരാന്റവിട സമുദായവും' (ലക്കം 30) എന്ന ലേഖനത്തിലെ ചില നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധേയമാണ്. 'ആരാന്റെ വീട്ടിലെ അനാഥമക്കളെ പോലെ സമുദായം' എന്ന പരാമർശം ആകർഷിച്ചു. സ്വന്തമായ രാഷ്ട്രീയ ഇടം പ്രഖ്യാപിച്ച് നേടിയെടുക്കാതെ ഔദാര്യങ്ങൾക്കു വേണ്ടി പേനയും നാക്കും ചെലവഴിക്കുന്ന സമുദായ പ്രസിദ്ധീകരണങ്ങളും സംഘടനകളും വിചാരണ ചെയ്യപ്പെടേണ്ടതുണ്ട്. പ്രത്യക്ഷമായ അധികാരരാഷ്ട്രീയം നഷ്ടപ്പെടുമ്പോഴും സംഘ്പരിവാറിന്റെ രാഷ്ട്രീയ സാംസ്കാരിക അജണ്ടകൾ ഫലപ്രദമായി ഇവിടെ നടപ്പിലാവുന്നുണ്ട്.

**എസ്. സജീർ പട്ടാമ്പി**

## മൗദൂദിയെ മനസ്സിലാക്കിയിരുന്നുവെങ്കിൽ

**ഒരു പ്രവചനം** എന്നിതിനപ്പുറം മൗദൂദി സാഹിബിന്റെ മദ്രാസ് പ്രഭാഷണത്തെ ആകർഷകമാക്കുന്നത് അതിന്റെ അനന്യമായ ശൈലിയാണ്. ഒരു വിഷയം ശ്രോതാക്കളിലേക്ക് സംവേദിപ്പിക്കുന്ന അദ്ദേഹത്തിന്റെ മാത്രമായ ശൈലി അനുകരണീയമാണ്. വായനക്കാർക്ക് ഒരു സംശയത്തിനും ഇട നൽകാത്ത വിധം എല്ലാം മുൻകൂട്ടി കണ്ടുകൊണ്ടുള്ള ഒരു വിനിമയ രീതിയാണ് അദ്ദേഹത്തിന്റേത്. *തഫ്ഹീം* വായിക്കുമ്പോൾ മൂക്കത്ത് വിരൽ വെച്ചു പോകുന്ന ഒരുപാട് സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഒരു പുരുഷായുസ്സിന് സാധിക്കുന്നതാണോ ഇതൊക്കെ! എത്ര ഗഹനമായും അവധാനതയോടുമാണ് അദ്ദേഹം ചിന്തിക്കുന്നത്! എന്തെതല്ലാം വിഷയങ്ങളാണ് അദ്ദേഹം ചർച്ച ചെയ്യുന്നത്! സങ്കീർണങ്ങളായ വിഷയങ്ങൾ ചോദ്യങ്ങളും ഉപചോദ്യങ്ങളുമായി അവയുടെ ഉത്തരങ്ങൾ ഖണ്ഡികതിരിച്ച് പോയിന്റ് ബൈ പോയിന്റായി കുട്ടികൾക്ക് പോലും മനസ്സിലാകുന്ന തരത്തിൽ വിശദീകരിക്കുന്ന ഈ നൂറ്റാണ്ടിന്റെ ഇന്ത്യൻ പണ്ഡിതനെ പക്ഷേ എത്ര പേർ വായിക്കുന്നുണ്ട് എന്നതാണ് സങ്കടം. ആഗ്രഹിച്ചു പോയിട്ടുണ്ട് പലപ്പോഴും, ഈ മനുഷ്യനെ നമ്മുടെ സമുദായം ഇനിയെങ്കിലും തിരിച്ചറിഞ്ഞിരുന്നെങ്കിൽ എന്ന്.

**സുധീർ ഖാൻ കുളത്തൂപ്പുഴ**

## ക്ഷാമത്തിന് പരിഹാരം കാണേണ്ടത് നിങ്ങൾ തന്നെയാണ്

**ഒരു** പള്ളി സെക്രട്ടറിയുടെ 'ഈ ക്ഷാമത്തിന് പരിഹാരമില്ലേ' (ലക്കം 30) എന്ന നിലവിളിക്ക് ഒരു ചെറിയ മറു കുറിപ്പാണിത്. ഇസ്‌ലാമിക സ്ഥാപനങ്ങളിൽനിന്ന് കോഴ്സ് കഴിഞ്ഞുവരുന്നവർ ഇമാം/ഖത്വീബ് മേഖലയിൽ ജീവിക്കാൻ വിമുഖരാണ് എന്ന വേദന അദ്ദേഹം പങ്കുവെക്കുന്നു.

കോളേജിൽനിന്ന് പഠനം കഴിഞ്ഞ ഞാൻ, ജില്ലാ പ്രസിഡന്റിന്റെ നിർദേശപ്രകാരം തെക്കൻ ജില്ലയിലെ ഒരു പള്ളി (മുതലാളി) സെക്രട്ടറിയുടെ അടുത്തെത്തി. നിർവഹിക്കേണ്ട ചുമതലകൾ അദ്ദേഹം വിവരിച്ചു. 'ഖുത്വ്ബ നിർവഹിക്കണം, മുഴു സമയങ്ങളിലും ഇമാമത്തിന് ഉണ്ടാവണം, ബാങ്ക് കൊടുക്കുന്നതിൽ ഒരു വീഴ്ചയും വരുത്തരുത്,

മദ്റസ ഏഴു മണിക്ക് തന്നെ തുടങ്ങണം, സ്കൂളിൽ ഒന്നു മുതൽ പത്തു വരെ മോറൽ സ്റ്റഡീസ് ക്ലാസ്, വനിതകൾക്കുൾപ്പെടെ നാല് ഖുർആൻ സ്റ്റഡി സെന്ററുകൾ, സമീപ പ്രദേശങ്ങളിൽ ഇടക്കിടക്ക് സ്റ്റഡീ ക്ലാസ്സിനു പോകണം, പള്ളി വൃത്തിയിലും വെടുപ്പിലും സൂക്ഷിക്കണം, രണ്ടു മാസം കൂടുമ്പോൾ ഒരു ഞായറാഴ്ച വീട്ടിൽ പോയി വരുന്നതിന് പ്രശ്നമൊന്നുമില്ല, ഭക്ഷണം ജംഗ്ഷനിലുള്ള ഹോട്ടലിൽനിന്ന് കഴിക്കാം, മദ്റസയിലെയും ഖുർആൻ സ്റ്റഡി സെന്ററിലെയും ഫീസും കമ്മിറ്റി അംഗങ്ങളുടെ മാസവരിയും രസീതെഴുതി പിരിക്കണം. ശമ്പളമായി രണ്ടായിരത്തി ഇരുനൂറ്റി അമ്പത് രൂപ എടുത്തിട്ട് ബാക്കി കണക്കു സഹിതം ഏൽപിച്ചാൽ മതിയാകും.' വർഷങ്ങൾക്ക് മുമ്പ് കഴിഞ്ഞ സംഭവം അതിശയോക്തി കലർത്തി പറഞ്ഞതൊന്നുമല്ല. 2007 ഏപ്രിൽ 26-ന് എനിക്കുണ്ടായ അനുഭവമാണിത്. എല്ലായിടത്തും ഇതാണ് അവസ്ഥ എന്ന് സമാന്യവത്കരിക്കുന്നുമില്ല. എന്നാൽ അധികവും ഇതുതന്നെയാണ് സ്ഥിതി. ഖുർആനും സുന്നത്തും പഠിച്ചവൻ 'സേവനം ചെയ്യാൻ' മാത്രമേ പാടുള്ളൂ എന്ന് ശഠിക്കുന്നു. അവനും മാന്യമായി ജീവിക്കേണ്ടതുണ്ട് എന്ന് മനസ്സിലാക്കുക.

രണ്ടോ മൂന്നോ മാസം ഡി.ടി.പി കോഴ്സ് കഴിഞ്ഞ് വരുന്നവർക്ക് കൊടുക്കുന്ന ശമ്പളത്തിന്റെ പകുതി പോലും കിട്ടാത്ത, എട്ടു വർഷം പഠനം പൂർത്തിയാക്കിയ ഇമാമുമാരുണ്ട്. അതുതന്നെ കിട്ടാൻ ഒരുപാട് നിബന്ധനകളും. കമ്മിറ്റി അംഗങ്ങൾ പറയുന്ന പൊട്ടത്തരങ്ങൾ പോലും കേട്ടുനിൽക്കണം. താൻ പഠിച്ച ഇസ്‌ലാമിന് വിരുദ്ധമായ നാട്ടാചാരങ്ങളെ പോലും എതിർക്കരുത്. രണ്ടാളുകൾ തമ്മിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ നീതിയും ന്യായവും നോക്കാതെ കമ്മിറ്റിയിൽ അധികാരമുള്ളവരോടൊപ്പം നിൽക്കണം.

ക്ഷമിക്കണം പള്ളി നടത്തിപ്പുകാരേ, ഞങ്ങൾ പഠിച്ചത് അന്തസ്സും ആഭിജാത്യവും ഉള്ള ഇസ്‌ലാമാണ്. അതിന്റെ വിലകെടുത്താൻ ഞങ്ങൾ സന്നദ്ധരല്ല. ഞങ്ങൾ പഠിച്ച ഇസ്‌ലാമിന് മാന്യത കിട്ടുന്നേടത്തോളം കാലം ഇസ്‌ലാമിക സ്ഥാപനത്തിന്റെ പടി ഇറങ്ങുമ്പോൾതന്നെ വിദേശത്തേക്കുള്ള ചിറകുകൾ മുളച്ചുകൊണ്ടേയിരിക്കും, തീർച്ച!

**ഒരു ഇസ്‌ലാമിയാ കോളേജിലെ**
**പൂർവ വിദ്യാർഥി**

# തിരുവനന്തപുരത്തെ പ്രസ്ഥാന പ്രവർത്തനം

***പ്രബോധനത്തിൽ*** (ലക്കം 30) 'ഒരു പ്രസംഗത്തിന്റെ വിജയം' കത്ത് വായിച്ചു. പ്രസ്തുത കത്തിൽ 1970-'71 കാലത്ത് 'തിരുവനന്തപുരം ഫർക്കയിൽ നാല് മുത്തഫിഖ് ഹൽഖകളേ ഉണ്ടായിരുന്നുള്ളൂ- ഞാറയിൽ കോണം, പാളയം, വള്ളക്കടവ്, നേമം'- എന്ന് എഴുതി കണ്ടു. ആ പ്രസ്താവന ശരിയല്ല.

1960-കളുടെ ആരംഭത്തിൽ തന്നെ തിരുവനന്തപുരം അഴീക്കോട്ട് പ്രസ്ഥാനത്തിന്റെ ശബ്ദം എത്തിയിരുന്നു. തിരുവനന്തപുരം ജില്ലയിൽ നല്ല ദീനീ ബോധവും ഇസ്‌ലാമിക നിലവാരവുമുള്ള പ്രദേശമായിരുന്നു അഴീക്കോട്.

അക്കാലത്ത് മർഹൂം കെ. ഉമർ മൗലവിയുടെ നേതൃത്വത്തിൽ സലഫി അനുഭാവികളും വാമനാപുരം മൗലവിയുടെ നേതൃത്വത്തിൽ സുന്നീ അനുഭാവികളും വഅ്ള് പരമ്പരകൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. ഒരിക്കൽ സുന്നീ പണ്ഡിതനായ മർഹൂം അഹ്മദ് ശീറാസി പ്രഭാഷണം നടത്തി. പ്രഭാഷണ മധ്യേ അദ്ദേഹം പറഞ്ഞു: 'എല്ലാ കാലഘട്ടത്തിലും മുജദ്ദിദുകൾ ഉണ്ടാകാറുണ്ട്, ഈ കാലഘട്ടത്തിലെ മുജദ്ദിദാണ് ജമാഅത്തെ ഇസ്‌ലാമി.'

സലഫി അനുഭാവിയും ഈയുള്ളവന്റെ പിതൃവ്യനുമായ മർഹൂം പി. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, വഅ്ള് കഴിഞ്ഞ ശേഷം ശീറാസിയോട് 'താങ്കളുടെ പ്രസംഗത്തിൽ പരാമർശിച്ച ജമാഅത്തെ ഇസ്‌ലാമി എന്താണ്?' എന്നന്വേഷിച്ചു. 'അതൊരു നല്ല, പുരോ

ഗമനാശയമുള്ള പ്രസ്ഥാനമാണ്. എന്റെ കൈയിൽ അവരുടെ ഒരു ചെറു പുസ്തകമുണ്ട്-രക്ഷാസരണി- അത് വായിച്ച് മടക്കി ത്തരണം'- അദ്ദേഹം പറഞ്ഞു.

കുറച്ച് വർഷങ്ങൾക്കു ശേഷം ഒരാൾ അഴീക്കോട്ടെത്തി, പള്ളി അന്വേഷിച്ചു. ഇസ്മാഈൽ സാഹിബ് അദ്ദേഹത്തെ സ്വീകരിച്ചു. പരിചയപ്പെട്ടു, സംസാരിച്ചു. അത് മർഹൂം പള്ളുരുത്തി കോയാ സാഹിബ് ആയിരുന്നു.

1967-'68 കാലഘട്ടത്തിൽ പ്രസ്ഥാന അനുഭാവിയായിരുന്ന എ.ഇ.കെ (ഇബ്റാഹീം കുട്ടി മൗലവി) അഴീക്കോട്ട് പള്ളി ഇമാമായി വന്നതോടെ പ്രസ്ഥാന പ്രവർത്തനം സജീവമായി. ആ കാലഘട്ടത്തിൽതന്നെയാണ് കെ.ടി അബ്ദുർറഹീം സാഹിബും മർഹൂം കെ.എൻ അബ്ദുല്ല മൗലവിയും മറ്റും അഴീക്കോട്, പാലോട് തുടങ്ങിയ പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

1968-ൽതന്നെ ജമാഅത്തെ ഇസ്‌ലാമി അഴീക്കോട് മുത്തഫിഖ് ഹൽഖ നിലവിൽ വന്നു. പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 1968-ൽ അഴീക്കോട് പള്ളി-മദ്റസ ഹാളിൽ വനിതാ സമ്മേളനം നടന്നതും സ്മരണീയമാണ്.

**എ. അബ്ദുസ്സലാം അഴീക്കോട്,**
**തിരുവനന്തപുരം**

# അജിത പറഞ്ഞതിലെ ശരി

**സ്ത്രീശാക്തീകരണ** സംവാദത്തിൽ ശ്രീമതി കെ. അജിത പറഞ്ഞ കാര്യങ്ങൾ പലതും ശ്രദ്ധേയമാണ്. അതിൽ പ്രധാനപ്പെട്ടതാണ് സ്ത്രീധനം.

സ്ത്രീധനം ഇസ്‌ലാമികമല്ലെന്ന് പറഞ്ഞ് യാഥാസ്ഥിതികർ പോലും പുസ്തകം പുറത്തിറക്കി. പക്ഷേ ജാതി മതഭേദമന്യേ സ്ത്രീധനം സമൂഹത്തെ വരിഞ്ഞുമുറുക്കി വീർപ്പുമുട്ടിക്കുന്നു. എന്നിട്ടും നവോത്ഥാന പ്രസ്ഥാനങ്ങളുടെ അജണ്ടയിൽ പോലും സ്ത്രീധനവും ലളിത വിവാഹവും ഇന്നും മുൻഗണന നേടിയിട്ടില്ല. ഗ്ലാമർ വിഷയമല്ലാത്തതിനാലാവാം നമ്മുടെ പ്രസംഗകർ പോലും സ്ത്രീധനത്തിൽ കൈവെക്കാറില്ല. കാലിൻ ചുവട്ടിലെ സ്ത്രീധനം പോലുള്ള നീറുന്ന വിഷയങ്ങൾ നാം പ്രാധാന്യത്തോടെ വിചാരണക്ക് വിധേയമാക്കണം.

**ഹസനുൽ ബന്ന കുഞ്ഞിമംഗലം**

# നാൾവഴികളിൽ അവ്യക്തത

**'മുസ്‌ലിം** ലീഗിൽനിന്ന് ജമാഅത്തെ ഇസ്‌ലാമിയിലേക്ക്' എന്ന ശീർഷകത്തിൽ കെ.എം അബ്ദുൽ അഹദ് തങ്ങളുടെ 'നാൾവഴികൾ-2'ൽ അവ്യക്തതയുണ്ട്. തലശ്ശേരി ബ്രണ്ണൻ കോളേജിൽ പഠിക്കുമ്പോൾ ക്ലാസ് കഴിഞ്ഞാൽ അടുത്തുള്ള ലീഗ് ഓഫീസിലേക്ക് പോകും എന്ന് കണ്ടു. കോളേജ് ധർമടത്തേക്ക് മാറ്റുന്നതിന് മുമ്പാണ് ലേഖകൻ അവിടെ പഠിച്ചിരിക്കുക. അന്ന് കോളേജിനടുത്തൊന്നും ലീഗ് ഓഫീസില്ല. തലശ്ശേരി ടൗൺ മുസ്‌ലിം ലീഗ് ഓഫീസ് മെയിൻ റോഡിൽ ആലി ഹാജിപള്ളിക്ക് സമീപമാണ്.

അവിടെയുള്ള മുഹമ്മദ് മൗലവി പി.വി മുഹമ്മദ് മൗലവി ആവാനാണ് സാധ്യത. പുളിക്കൽ സ്വദേശി എന്ന് ലേഖകൻ പറയുന്നുണ്ട്. അദ്ദേഹം *ചന്ദ്രിക*യുടെ സഹപത്രാധിപരും എഴുത്തുകാരനുമായിരുന്നു. എന്നാൽ മാഹിയിലെ മയ്യലവിയ്യയിൽ മോറൽ സ്റ്റഡീസ് എടുത്ത മുഹമ്മദ് മൗലവി വേറെയാണ്. കോൺഗ്രസ് പ്രവർത്തകനായിരുന്നു മൗലവി എന്ന് ലേഖകൻ സൂചിപ്പിക്കുന്നു. മാഹി മയ്യലവിയ്യയിലേത് മാട്ടൂൽ സ്വദേശി വി.പി മുഹമ്മദ് മൗലവിയാണ്.

പഠിക്കുന്ന കാലത്ത് സജീവ എം.എസ്.എഫ് പ്രവർത്തകനായ ലേഖകൻ മലബാർ എം.എസ്.എഫിന്റെ പ്രസിഡന്റായി സി.എച്ച് ഉള്ളകാലത്ത് സ്റ്റേറ്റ് കൗൺസിൽ അംഗമാണെന്ന് എഴുതിയിരിക്കുന്നു. മലബാർ ജില്ലാ എം.എസ്.എഫിന്റെ പ്രസിഡന്റ് ഹസൻ റിസയായിരുന്നു. അദ്ദേഹം പിന്നീട് ജമാഅത്തെ ഇസ്‌ലാമിയുടെ സജീവ പ്രവർത്തക

നായി മാറി. അക്കാലത്ത് എം.എസ്.എഫിന് സ്റ്റേറ്റ് കമ്മിറ്റിയില്ല. ജില്ലാ കമ്മിറ്റിയിൽ തലശ്ശേരിയിലെ എം.പി.കെ മമ്മു, പി. മൊയ്തു, കെ.എൻ അഹ്മദ്, കൊയിലാണ്ടിയിലെ അബ്ദുല്ല കുട്ടി ഹാജി, എകരൂരിലെ ഇമ്പിച്ചാലി മാസ്റ്റർ, താനൂരിലെ സി.എം കുട്ടി തുടങ്ങിയവരായിരുന്നു പ്രധാനികൾ. അതിനു മുമ്പുള്ള വർഷങ്ങളിൽ ബ്രണ്ണൻ കോളേജിലെ കെ.പി ഉസ്മാൻ സാഹിബും മലപ്പുറം സ്കൂളിലെ പി. മൊയ്തുവും കടവത്തൂരിലെ കുഞ്ഞബ്ദുല്ലയുമൊക്കെയായിരുന്നു നേതാക്കൾ. അവരുടെയൊന്നും പേരുകൾ പരാമർശിച്ചു കണ്ടില്ല.

പള്ളിയിൽ കണ്ട ഉമ്മർ കുട്ടി ഏതാണെന്നും വ്യക്തമായിട്ടില്ല. പയ്യമ്പള്ളി ഉമ്മർ കുട്ടിയാവാനാണ് സാധ്യത. മൗദൂദി സാഹിബിന്റെ പുസ്തകം അക്കാലത്ത് കാണാൻ സാധ്യത തലശ്ശേരി മെയിൻ റോഡിലെ നാസിമൂസക്കയുടെ പീടികയിലാണ്.

നാൾവഴികളിൽ വർഷങ്ങൾ ചേർക്കുന്നത് വലിയ ഉപകാരമാവും. കെ.കെ. അബു സാഹിബിന്റെ ഐ.സി.ജെയെക്കുറിച്ച് പരാമർശിച്ച സ്ഥിതിക്ക് അദ്ദേഹത്തിന്റെ മുസ്‌ലിം ലേബർ യൂനിയനെക്കുറിച്ചും പരാമർശിക്കേണ്ടതായിരുന്നു.

പുളിക്കലിൽ അബ്ദുൽ അഹദ് തങ്ങളുടെ മുറിയിലുണ്ടായിരുന്ന കെ.എൻ എന്ന അധ്യാപകൻ കെ.എൻ ഇബ്‌റാഹീം മൗലവിയാവാനാണ് സാധ്യത. അമ്പതുകളിൽ അദ്ദേഹം മുബാറക് ഹൈസ്കൂളിലെ അറബി അധ്യാപകനായിരുന്നു. പുളിക്കലിൽ പിന്നീടാണ് അദ്ദേഹം എത്തുന്നത് എന്നാണോർമ. അതിന് മുമ്പ് പി.പി അബ്ദുൽ ഗഫൂർ മൗലവി പുളിക്കൽ മദീനത്തുൽ ഉലൂമിന്റെ റസീവറായി വരുമ്പോൾ തലശ്ശേരി മുബാറകിലെ അധ്യാപകർ താമസിക്കുന്ന ലോഡ്ജിലാണ് തങ്ങുക. അക്കാലത്ത് മുസ്‌ലിം ലീഗിൽനിന്ന് ജമാഅത്തെ ഇസ്‌ലാമിയിലേക്ക് പോയവരിൽ രണ്ട് പ്രമുഖർ ഹസൻ റിസയും എസ്.എം ഹനീഫയുമായിരുന്നു. അവരുടെ പേരുകൾ മുമ്പുള്ള ലക്കത്തിൽ വന്നിരിക്കാം. വാരിക കാണാത്തതുകൊണ്ട് വായിക്കാൻ സാധിച്ചിട്ടില്ല.

**കെ.പി കുഞ്ഞിമ്മൂസ**
**കോഴിക്കോട്**

# ഇസ്‌ലാമും ജാതിയും

**സമൂഹത്തിൽ,** പ്രത്യേകിച്ച് ഇസ്‌ലാമിക സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളെയും അനിസ്‌ലാമിക ധാരണകളെയും ഒരു പരിധിവരെയെങ്കിലും മാറ്റിയെടുക്കുന്നതിന് ബുദ്ധിമുട്ടുകളും പരിഹാസങ്ങളും സഹിച്ച് മുന്നേറിയ പ്രശംസനീയമായ ചരിത്രം തന്നെയാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിനും *പ്രബോധന*ത്തിനും പറയാനുള്ളത്.

എന്നാൽ നാം കാണാതെ പോയതോ കണ്ണടച്ചതോ ആയ ഒരു അനിസ്‌ലാമിക സമീപനം മുസ്‌ലിം സമുദായത്തിൽ ശക്തിയായി വേരുറപ്പിക്കുന്നുണ്ട്. അത് ബാർബർ കുടുംബങ്ങളോടുള്ള സമീപനമാണ്. സമൂഹത്തിന്റെ ആവശ്യമാണ് തൊഴിലാളികൾ. എല്ലാ തരത്തിലുള്ള തൊഴിൽ ചെയ്യാനും സമൂഹത്തിൽ ആളുകൾ വേണം. എല്ലാ ആളുകളും സർക്കാർ ജോലിക്കാരോ ബിസിനസ്സുകാരോ ആയാൽ മറ്റു ജോലികൾ ആരു ചെയ്യും? തൊഴിലിനെ നോക്കി ആളുകളെ ജാതി തിരിക്കൽ പ്രവാചക ചര്യയല്ല. കച്ചവടക്കാരനെയോ സർക്കാർ ജോലിക്കാരനെയോ കൂലിവേലക്കാരനെയോ പ്രത്യേക ജാതിയായി നാം പരിഗണിക്കാറില്ലല്ലോ. എന്നാൽ മറ്റുള്ളവരുടെ മുടി മുറിച്ചു കൊടുക്കുന്നവൻ (അവനല്ലെങ്കിൽ അവന്റെ മുൻഗാമികൾ ചെയ്താലും) ഒസ്സാൻ എന്ന ഒരു ജാതിയായി അറിയപ്പെടുന്നു. ഈ തൊഴിൽ ചെയ്യുന്നവരോടും അവരുടെ കുടുംബങ്ങളോടും ഒരുതരം അയിത്തം കാണിക്കാൻ എന്താണ് കാരണം? അവരുമായി കുടുംബബന്ധങ്ങളിലേർപ്പെടുകയും സഹോദര ബന്ധം പുലർത്തുകയും ചെയ്യാത്തത് എന്തടിസ്ഥാനത്തിലാണ്? ഇത്തരം അന്ധവിശ്വാസങ്ങൾ തകർക്കുകയല്ലേ പ്രവാചകൻ ചെയ്തത്?

പണ്ട് മത്സ്യ കച്ചവടക്കാരും ഇറച്ചി വെട്ടുകാരും ഒക്കെ ഒസ്സാന്മാർക്കൊപ്പം താഴ്ന്ന

ജാതിക്കാരുടെ ലിസ്റ്റിലുണ്ടായിരുന്നു. എന്നാലിപ്പോൾ അവരുടെ പിന്മുറക്കാർ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉയരുകയും സർക്കാർ ജോലികളിലും മറ്റും എത്തിപ്പെടുകയും ചെയ്തപ്പോൾ അവരെ കൂടെ കൂട്ടാനും ബന്ധങ്ങൾ സ്ഥാപിക്കാനും സമൂഹം തയാറായി. അതിൽ സന്തോഷമുണ്ട്. എന്നാൽ ബാർബർ കുടുംബത്തിലെ യുവതലമുറ സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ ഉന്നതിയിലെത്തിയാലും ആ അർഥത്തിൽ അവരെ കാണാൻ തയാറാവുന്നില്ല. സമുദായത്തെ നേർവഴിക്ക് നടത്തേണ്ട പണ്ഡിതന്മാർ, ഇമാമുമാർ ഇവരെല്ലാം ഇതിന് ആക്കം കൂട്ടുന്ന സമീപനമാണ് കൈക്കൊള്ളുന്നത്. പ്രസ്ഥാനവും പ്രവർത്തകരും മറ്റു മതസ്ഥർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനൊപ്പം തന്നെ ഈ വിഭാഗത്തെക്കുറിച്ചുള്ള മുസ്‌ലിം സമൂഹത്തിന്റെ തെറ്റുധാരണ മാറ്റേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്.

**എ. ജവാദ് ഇലിപ്പക്കുളം, ചൂനാട്**